"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊല്ലം ജില്ല- കൊട്ടാരക്കര മുനിസിപ്പൽ സ്ക്വയറിൽ ശ്രീ.ആർ ബാലകൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.486/2025/LSGD തീയതി,തിരുവനന്തപുരം, 17-02-2025

---

പരാമർശം:- 1. കൊട്ടാരക്കര നഗരസഭ കൗൺസിലിന്റെ 18.7.2024 ലെ തീരുമാനം നമ്പർ 9

2 15/10/2024 ലെ കൊട്ടാരക്കര നഗരസഭാ സെക്രട്ടറിയുടെ E1-1620088/2024 നമ്പർ കത്ത്

3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 18/10/2024 ലെ LSGD/PD/27506/2024-DPLD1 നമ്പർ കത്ത്

4 കൊല്ലം ജില്ലാകളക്ടറുടെ 07/11/2024 ലെ LSGD/JD/KLM/ 6711/2024-D5/MLA-ADS നമ്പർ നടപടിക്രമം

5 സ.ഉ (സാ) നം 557/2025/ ധന തീയതി 21/01/2025

**<u>ഉത്തരവ്</u>**

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ച കൊട്ടാരക്കര മുനിസിപ്പൽ സ്ക്വയറിൽ ശ്രീ.ആർ ബാലകൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച 2,63,00,000/-രൂപയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളും ഡ്രോയിംഗുകളും കൊട്ടാരക്കര നഗരസഭ കൗൺസിൽ അംഗീകരിക്കുകയും, ടി പ്രവൃത്തിയ്ക്ക് 2024-2025 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള 2 കോടി രൂപ അനുവദിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിനും, അധികമായി വരുന്ന പ്രവൃത്തികൾ ചെയ്യുന്നതിനുള്ള 63 ലക്ഷം രൂപ നിയോജക മണ്ഡല ആസ്തിവികസന പദ്ധതി (2023-24) യിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിനും പരാർശം (1) പ്രകാരം തീരുമാനിച്ചിരുന്നു. പരാർശം (1) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2024-2025 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള കൊല്ലം ജില്ലയിൽ കൊട്ടാരക്കര മുനിസിപ്പൽ സ്ക്വയറിൽ സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ കൊട്ടാരക്കര മുൻസിപ്പൽ സ്ക്വയറിൽ ശ്രീ ആർ. ബാലകൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള സാംസ്കാരിക കേന്ദ്രത്തിനായി

പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം തുറന്ന '2217- Urban Development-80-General-800-Other Expenditure-57-Cultural Centre in the name of Sri. Balakrishna Pillai in Kottarakkara Muncipal Square' എന്ന ശീർഷകത്തിൽ 2,00,00,000/- (രണ്ട് കോടി രൂപ മാത്രം) വകയിരുത്തിക്കൊണ്ട് ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കൊട്ടാരക്കര മുനിസിപ്പാലിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

ധനകാര്യ വകുപ്പ് ( 23/01/2025 ലെ 2980622/ധെവ-3/206/2024/ധന)

കരുതൽ ഫയൽ (ഡി.ബി1/472/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 17-02-2025 11:40:04